***ക്ഷേമനിധി***

3-ാം വകുപ്പു പ്രകാരം സർക്കാർ രൂപീകരിച്ച ക്ഷേമനിധിയിലേയ്ക്ക് താഴെ പറയുന്ന തുകകൾ വരവ് വെക്കുന്നു.

(എ) 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ബോർഡിനു നൽകിയ കൊടുത്തു തീർക്കാത്ത ശേഖരണങ്ങൾ

(ബി) തൊഴിലുടമ തൊഴിലാളികളിൽ നിന്നും ഈടാക്കുന്ന എല്ലാ പിഴകളും

(സി) വേതനം നൽകുന്നത് സംബന്ധിച്ച് 1936-ലെ ആക്ട് (1936-ലെ 4-ാം കേന്ദ്ര ആക്ട്) 9-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധന പ്രകാരം ചെയ്ത കിഴിക്കലും

(ഡി) തൊഴിലുടമകളും തൊഴിലാളികളും നൽകിയ അംശദാനങ്ങളും

(ഇ) 14-ാം വകുപ്പു പ്രകാരം ശിക്ഷയായി നൽകിയ ഏതെങ്കിലും പലിശയും

(എഫ്) സ്വമനസ്സാലെ നൽകുന്ന ഏതെങ്കിലും സംഭാവനകളും

(ജി) ബോർഡിന്റെ മുതൽ വർദ്ധിപ്പിക്കുന്നതിനായി മറ്റു മാർഗ്ഗങ്ങളിൽ കൂടി ബോർഡ് ശേഖരിക്കുന്ന ഏതെങ്കിലും തുകയും.

(എച്ച്) 17-ാംവകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം മാറ്റിയിട്ടുള്ള ഏതെങ്കിലും ഫണ്ടും.

(ഐ) 18-ാം വകുപ്പുപ്രകാരം കടം വാങ്ങിയ ഏതെങ്കിലും തുകയും.

(ജെ) 1936-ലെ വേതനം നൽകുന്നത് സംബന്ധിച്ച ആക്റ്റ് പ്രകാരവും 1948-ലെ മിനിമം വേജസ് ആക്ട് (1948 ലെ 11-ാം കേന്ദ്ര ആക്ട്) പ്രകാരവും ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ അനുസരിച്ച് സർക്കാരിലേയ്ക്ക് മുതൽ കൂട്ടിയിട്ടുള്ള വല്ല അവകാശപ്പെടാത്ത തുകയും.

(കെ) കേന്ദ്ര ഗവൺമെന്റോ, സംസ്ഥാന ഗവൺമെന്റോ ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനമോ നൽകിയ ഗ്രാന്റുകളോ, അഡ്വാൻസുകളോ അവയും